**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2535** **12.03.2020-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഫെസിലിറ്റേഷൻ സെന്ററുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ശ്രമിക് ബന്ധു എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) പ്രസ്തുത സെന്ററുകൾ വഴി നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ്;<br><br>(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് അർഹതപ്പെട്ട നിയമപരിരക്ഷയെ കുറിച്ച് അവരെ ബോധവൽക്കരിക്കുന്നതിനും തൊഴിൽ ചൂഷണത്തിൽ നിന്നും അവരെ രക്ഷിക്കുന്നതിനും വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്; | (ബി) യും (സി) യും ഇതര സംസ്ഥാനതൊഴിലാളികളുടെ ജോലി, ബാങ്കിംഗ് എന്നിവയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും കൂടാതെ തൊഴിലാളികളുടെ ആരോഗ്യം, യാത്ര എന്നിവ സംബന്ധിച്ച ആവശ്യങ്ങളിലും ഫെസിലിറ്റേഷൻ സെന്റർ മുഖേന മാർഗ്ഗനിർദ്ദേശം നൽകി വരുന്നു. ഇതിലേയ്ക്കായി മലയാളത്തോടൊപ്പം ഹിന്ദി, ബംഗാളി ഭാഷകൾ നന്നായി എഴുതുവാനും വായിയ്ക്കുവാനും കഴിവുള്ളവരെ ഫെസിലിറ്റേഷൻ സെന്ററുകളിൽ നിയമിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളെ അവർക്ക് അർഹതപ്പെട്ട നിയമപരിരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കുവാനും സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് വരുന്ന പരാതികളിൽ പരിഹാരം കാണുവാനും ഫെസിലിറ്റേഷൻ സെന്റർ മുഖേന കഴിയുന്നു. ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണമടയുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ ആശ്രിതർക്ക് സർക്കാർ തലത്തിൽ നിന്നും ആവശ്യമായ ധനസഹായം ലഭ്യമാക്കാൻ |

ഫെസിലിറ്റേഷൻ സെന്റർ മുഖേന സഹായം നൽകി വരുന്നു. കൂടാതെ "ആവാസ്"-ന്റെ രജിസ്ട്രേഷനും ഫെസിലിറ്റേഷൻ സെന്റർ മുഖേന നടത്തിവരുന്നു. ഇവർക്കായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. ഇതരസംസ്ഥാന തൊഴിലാളികളുടെ കൂലി പിടിച്ചുവെക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ട അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും പരിഹാരം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ഡി) ആവാസ് ഇൻഷ്വറൻസ് പദ്ധതിയുടെ രജിസ്ട്രേഷന് ഇതര സംസ്ഥാന തൊഴിലാളികൾ താല്പര്യം കാണിക്കുന്നില്ലായെന്നത് വസ്തുതയാണോ; ഇതിനകം എത്ര പേർ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തു എന്നറിയിക്കാമോ; | (ഡി) ആവാസ് ഇൻഷ്വറൻസ് പദ്ധതിയുടെ രജിസ്ട്രേഷന് ഇതര സംസ്ഥാന തൊഴിലാളികൾ താല്പര്യം കാണിക്കുന്നില്ലായെന്നത് വസ്തുതയല്ല. 04/03/2020 വരെ 5,08,085 ഇതര സംസ്ഥാന തൊഴിലാളികൾ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഇ) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിലൂടെ അവർക്ക് നൽകുന്ന പരിരക്ഷകൾ എന്തൊക്കെയാണ്; ഇത് സംബന്ധിച്ച് കൂടുതൽ ബോധവൽക്കരണം നടത്തി സംസ്ഥാനത്തെ എല്ലാ ഇതര സംസ്ഥാന തൊഴിലാളികളെയും ഇതിന്റെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) ജോലിക്കിടയിലുണ്ടാകുന്ന അപകടത്തെ തുടർന്ന് മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 2 ലക്ഷം രൂപ മരണാനന്തര ആനുകൂല്യമായി നൽകുന്നു. ചികിത്സാ ധനസഹായമായി പ്രതിവർഷം 25,000/- രൂപയും നൽകുന്നു. ചികിത്സാ പരിധിയിൽ പ്രസവസംബന്ധമായ ചികിത്സ ഉൾപ്പെടുത്തിയിട്ടുണ്ട്. അപകടം മൂലമുണ്ടാകുന്ന സ്ഥിരമായ അംഗവൈകല്യത്തിന് 1 ലക്ഷം രൂപ വരെ പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ ബോധവൽക്കരണം നടത്തി സംസ്ഥാനത്തെ എല്ലാ ഇതര സംസ്ഥാന തൊഴിലാളികളെയും ഇതിന്റെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.